## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1043** 21/03/2013 **ൽ മറുപടിക്ക്**

ഐ.ടി അറ്റ് സ്കൂൾ പരിശീലകരെ പിരിച്ചുവിട്ട നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഐ. ടി. അറ്റ് സ്കൂളിലെ പരിശീലകരെ അനിശ്ചിതകാല സമരത്തിൽ പങ്കെടുത്തു എന്ന കാരണത്താൽ കൂട്ടത്തോടെ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ എത്ര പരിശീലകരെയാണ് പിരിച്ചുവിട്ടത്; | എ) ഇല്ല. എന്നാൽ ഐടി@സ്കൂൾ പ്രോജക്ടിൽ വർക്കിംഗ് അറേഞ്ച്മെൻറ് അടിസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 34 അധ്യാപകരെ പ്രോജക്ടിന്റെ ഭരണപരമായ സൗകര്യം കണക്കിലെടുത്ത് 10.01.2013-ൽ അവരവരുടെ മാതൃവിദ്യാലയങ്ങളിലേക്ക് തിരിച്ചയക്കുകയുണ്ടായി. |
| ബി) ഐ.ടി.അറ്റ് സ്കൂൾ പരിശീലകരെ പിരിച്ചുവിട്ടത് എസ്.എസ്.എൽ.സി പരീക്ഷകളും മറ്റും യഥാസമയം നടക്കുന്നതിന് തടസ്സമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) എസ്.എസ്.എൽ.സി പരീക്ഷ മെച്ചപ്പെട്ട രീതിയിൽ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ പരീക്ഷയുടെ മാർക്ക് പരീക്ഷാഭവനിലെ സെർവറിലേക്ക് അപ് ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| സി) ഐ.ടി. അറ്റ് സ്കൂൾ പരിശീലകരെ പിരിച്ചുവിടുന്നതിന് ഡി.പി.ഐ അംഗീകാരം നൽകിയിട്ടുണ്ടോ; | സി) പ്രോജക്ടിൽ പ്രവർത്തിച്ചിരുന്ന 34 അധ്യാപകരെ അവരവരുടെ മാതൃവിദ്യാലയങ്ങളിലേക്ക് |

| | | | |
|---|---|---|---|
| | | | തിരിച്ചയക്കുന്നതിന് ഡിപിഐയുടെ വാക്കാലുള്ള അംഗീകാരം ഉണ്ടായിരുന്നു. |
| ഡി) | ഐ.ടി. അറ്റ് സ്കൂൾ പരിശീലകരെ കൂട്ടത്തോടെ പിരിച്ചുവിടുന്നതിന് ഇടയായ സാഹചര്യം വ്യക്തമാക്കുമോ? | ഡി) | പ്രോജക്ടിൽ വർക്കിംഗ് അറേഞ്ച്മെൻറ് വ്യവസ്ഥയിൽ പ്രവർത്തിച്ചിരുന്ന 34 അധ്യാപകർ അനധികൃതമായി പ്രോജക്ടിൻെറ പ്രവർത്തനങ്ങളിൽ പങ്കെടുക്കാതിരുന്നതാണ് തിരിച്ചയക്കാനുണ്ടായ സാഹചര്യം |

സെക്ഷൻ ഓഫീസർ